**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2053** **11-10-2021 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ചികിത്സാ കാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം ശ്രീചിത്ര, ആർ.സി.സി. എന്നിവിടങ്ങളിൽ കാരുണ്യ ചികിത്സാ കാർഡുകൾ അംഗീകരിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | RCC യിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ഗുണഭോക്താക്കൾക്ക് സൗജന്യ ചികിത്സ ലഭിക്കുന്നുണ്ട്. എന്നാൽ ശ്രീ.ചിത്രതിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി KASP പദ്ധതി ആരംഭിച്ച ആദ്യ വർഷം പദ്ധതിയിൽ അംഗത്വം നേടുകയും സൗജന്യ ചികിത്സ നൽകുയും ചെയ്തിരുന്നു. രണ്ടാം വർഷം എംപാനൽമെന്റ് പുതുക്കുന്ന ആവശ്യവുമായി പദ്ധതി നടത്തിപ്പ് ചുമതലയുള്ള സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (SHA) പലതവണ ബന്ധപ്പെട്ടെങ്കിലും ആശുപത്രി എംപാനൽ ആകാൻ തയ്യാറായില്ല. ശ്രീ.ചിത്രതിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി എന്ന സ്ഥാപനം കേന്ദ്ര സയൻസ് ആൻഡ് ടെക്നോളജി മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന ഓട്ടോണമസ് (സ്വയംഭരണാധികാര) സ്ഥാപനമാണ്. ആയതിനാൽ ഈ സ്ഥാപനത്തെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ എംപാനൽ ചെയ്യുന്നതിനായി നടപടി സ്വീകരിക്കാൻ കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രാലയത്തോടും നാഷണൽ ഹെൽത്ത് അതോറിറ്റിയോടും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളിൽ അയത്അംഗീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | RCC യിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ഗുണഭോക്താക്കൾക്ക് സൗജന്യ ചികിത്സ ലഭിക്കുന്നുണ്ട്. എന്നാൽ ശ്രീ.ചിത്രതിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി KASP പദ്ധതി ആരംഭിച്ച ആദ്യ വർഷം പദ്ധതിയിൽ അംഗത്വം നേടുകയും സൗജന്യ ചികിത്സ നൽകുയും ചെയ്തിരുന്നു. രണ്ടാം വർഷം എംപാനൽമെന്റ് പുതുക്കുന്ന ആവശ്യവുമായി പദ്ധതി നടത്തിപ്പ് ചുമതലയുള്ള സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (SHA) പലതവണ ബന്ധപ്പെട്ടെങ്കിലും ആശുപത്രി എംപാനൽ ആകാൻ തയ്യാറായില്ല. |

| | | | |
|---|---|---|---|
| | | | ശ്രീ.ചിത്രതിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി എന്ന സ്ഥാപനം കേന്ദ്ര സയൻസ് ആൻഡ് ടെക്നോളജി മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന ഓട്ടോണമസ് (സ്വയംഭരണാധികാര) സ്ഥാപനമാണ്. ആയതിനാൽ ഈ സ്ഥാപനത്തെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ എംപാനൽ ചെയ്യുന്നതിനായി നടപടി സ്വീകരിക്കാൻ കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രാലയത്തോടും നാഷണൽ ഹെൽത്ത് അതോറിറ്റിയോടും ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ